**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 263** **08-06-2021 - ൽ മറുപടിയ്ക്ക്**

**വായ്പകൾക്ക് മൊറട്ടോറിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **Shri K N Balagopal (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് മഹാമാരിക്കാലത്ത് കാർഷിക വായ്പയിൽ മൊറട്ടോറിയവും മറ്റിളവുകളും അനുവദിച്ച മാതൃകയിൽ ചെറുകിട സംരംഭകരുടെയും വിദ്യാഭ്യാസ വായ്പ എടുത്തവരുടെയും തൊഴിൽ നഷ്ടം വന്ന യുവാക്കളുടെയും വായ്പകളിലും മൊറട്ടോറിയം പോലുള്ള ആശ്വാസ നടപടികൾ സ്വീകരിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (എ) | കോവിഡ്-19 രണ്ടാം ഘട്ട വ്യാപനം സൃഷ്ടിച്ച പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ വ്യക്തികളുടെയും ചെറിയ സംരംഭങ്ങളുടെയും അർഹതപ്പെട്ട വായ്പകൾക്കായി വായ്പകളെ തരം താഴ്ത്താതെ തന്നെ വായ്പാ റീഷെഡ്യൂളിംഗ് അനുവദിച്ചും രണ്ടു വർഷം വരെ മൊറട്ടോറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വായ്പക്കാരന് അനുവദിക്കാവുന്ന രീതിയിലും Resolution Framework 2.0 – Resolution of Covid-19 related stress of Individual and Small Business പ്രകാരം മാർഗ നിർദേശങ്ങൾ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ബാങ്ക് ഇതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ എല്ലാ ധനകാര്യ സ്ഥാപനങ്ങൾക്കും റിസർവ് ബാങ്ക് നൽകിയിട്ടുള്ളതാണ്. കോവിഡ്-19 രണ്ടാം ഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ എല്ലാവിധ വായ്പാ തിരിച്ചടവുകൾക്കും 31.12.2021 വരെ മൊറട്ടോറിയം പ്രഖ്യാപിക്കണമെന്നും മൊറട്ടോറിയം കാലയളവിലെ പലിശയും പിഴ പലിശയും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ബഹു.മുഖ്യമന്ത്രി 21.05.2021 ലെ D.O.No.288/2021/CM നം.കത്ത് പ്രകാരം കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്. കൂടാതെ സാമ്പത്തിക പുനരുജ്ജീവനത്തിനായി ചുവടെ പറയുന്ന വായ്പാ പദ്ധതികളും പലിശ ഇളവുകളും മൊറട്ടോറിയും പോലുള്ള ആശ്വാസ നടപടികളും നടപ്പ സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കാർഷിക മേഖലയുടെ വികസന പ്രക്രിയയ്ക്ക് മൂലധന രൂപീകരണത്തിന്റെ ഭാഗമായി പ്രാഥമിക സഹ കരണ സംഘങ്ങൾക്ക് 4% പലിശ നിരക്കിൽ നബാർഡിൽ നിന്നുള്ള പശ്ചാത്തല സൗകര്യ പുനർ വായ്പ കേരളബാങ്ക് മുഖേന ലഭ്യമാക്കും. 2021-22 സാമ്പത്തിക വർഷത്തിൽ 2000 കോടി രൂപയുടെ വായ്പ ലഭ്യമാക്കുകയെന്നതാണ് സർക്കാർ |

| | | | |
|---|---|---|---|
| | | | ഉദ്ദേശിക്കുന്നത്. കാർഷിക വ്യവയസായിക സേവന മേഖലകളിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിൽ പ്രവർത്തനക്ഷമമല്ലാത്ത സംരംഭങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനും വാണിജ്യ ആവശ്യങ്ങൾക്കും കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കും. 2021-22 സാമ്പത്തിക വർഷത്തിൽ 1600 കോടി രൂപയുടെ വായ്പ ലഭ്യമാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. 2021-22 സാമ്പത്തിക വർഷത്തിൽ ചുരുങ്ങിയത് 1000 കോടി രൂപയുടെ ബാങ്ക് വായ്പ കുടുംബശ്രീ വഴി അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാക്കാനുദ്ദേശിക്കുന്നു. 5 ലക്ഷം രൂപവരെയുള്ള വായ്പയെല്ലാം 4% പലിശനിരക്കിൽ ലഭ്യമാക്കും. മേൽ പറഞ്ഞ വായ്പാ പദ്ധതികളുടെ പലിശയിളവ് വഹിക്കുന്നതിനായി 100 കോടിരൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. നിലവിലുള്ള എം.എസ്.എം.ഇ. കൾക്ക് കുറഞ്ഞ നിരക്കിൽ അധിക പ്രവർത്തന മൂലധന വായ്പയും ടേം ലോണും ലഭ്യമാക്കുന്നതിന് 2000 കോടി രൂപയുടെ വായ്പ പദ്ധതിയ്ക്കായാണ് ലക്ഷ്യമിടുന്നത്. ഇതിന് പലിശ ഇളവ് നൽകുന്നതിന് 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തൊഴിൽ നഷ്ടപ്പെട്ട പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും അവർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമുള്ള പുനരധിവാസ പദ്ധതിയായ നോർക്ക സെൽഫ് എംപ്ലോയ്മെന്റ് സ്കീം പ്രകാരം കുറഞ്ഞപലിശയ്ക്ക് 1000 കോടി രൂപ വായ്പ ലഭ്യമാക്കുന്നതാണ്. ഇതിന്റെ പലിശയിളവ് നൽകുന്നതിന് 25 കോടിരൂപയും വകയിരുത്തിയിട്ടുണ്ട്. KFC യിൽ നിന്നും വായ്പയെടുത്ത പ്രതിസന്ധി നേരിടുന്ന സംരംഭകൾക്ക് മുതൽ തിരിച്ചടവിന് ഒരു വർഷം വരെയുള്ള മൊറട്ടോറിയം അനുവദിച്ചിട്ടുണ്ട്. ഇരുചക്ര വാഹനം ഉപയോഗിച്ച് വിവിധതരത്തിലുള്ള സാധാരണ തൊഴിലുകളിൽ ഏർപ്പെടുന്ന പത്രവിതരണക്കാർ, മത്സ്യക്കച്ചവടക്കാർ, ചെറുകിട കച്ചവടക്കാർ, ഹോം ഡെലിവെറി നടത്തുന്ന യുവാക്കൾ തുടങ്ങിയവർക്ക് ഇന്ധനചെലവ് കുറഞ്ഞതും പരിസ്ഥിതി സഹൃദവുമായ ഇലക്ട്രിക് ഇരുചക്രവാഹനങ്ങളും ഇലക്ട്രിക് ഓട്ടോറിക്ഷകളും ലഭ്യമാക്കുന്നതിന് 2021-22 സാമ്പത്തിക വർഷത്തിൽ 10,000 ഇരുചക്രവാഹനങ്ങളും 5000 ഓട്ടോറിക്ഷയും വാങ്ങാനായി 200 കോടി രൂപയുടെ വായ്പ വിഭാവനം ചെയ്തിട്ടുണ്ട്. ആയതിന് പലിശ ഇളവ് നൽകുന്നതിന് 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ